II. അടിയന്തിര പ്രമേയം

തങ്കമണി സംഭവം

മി. സ്പീക്കർ:—പോലീസ് അതിക്രമങ്ങളെ തുടർന്ന് ഇടുക്കി 9.30 a. m.] ജില്ലയിലെ തങ്കമണിയിൽ ജനങ്ങളും ഭയവിഹ്വലരായി കഴിയുന്നതു മൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികളും നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഇ. കെ. നായനാർ, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, ബേബിജോൺ, കെ. ചന്ദ്രശേഖരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളും റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):—സർ, നമ്മുടെ ഈ സഭയിൽ തങ്കമണിയിലുണ്ടായ സ്ഥിതിവിശേഷങ്ങളെക്കുറിച്ച് അടിയന്തിര പ്രമേയം വഴിയും മറ്റു രീതിയിലും ചർച്ചചെയ്തിട്ടുണ്ട്. തങ്കമണിയിലെ പോലീസ് വെടിവയ്പിനെത്തുടർന്ന് ചാർജ്ജ് ചെയ്തിട്ടുള്ള കേസുകളിലെ പ്രതികളെ തിരയുന്നതിനിടയിൽ പോലീസ് അതിക്രമം നടത്തിയെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ, അന്ന് കമ്മ്യൂണിക്കേഷൻ സൗകര്യം ഇല്ലാത്തതുകൊണ്ട് ഐ. ജി.യെ സ്ഥലത്തുവിട്ട് അന്വേഷിപ്പിച്ചു. ഐ. ജി. സ്ഥലത്തുപോയി അന്വേഷിച്ചപ്പോഴേക്കും ചില നടപടികളും നടന്നുവെന്ന് ബോദ്ധ്യമായതിനെത്തുടർന്ന് സി. ഐ. അഹമ്മദ് കുഞ്ഞിനേയും, എ.എസ്.ഐ. പുരുഷോത്തമൻ നായരെയും പീരുമേട് എസ്. ഐ. അലക്സ് മാത്യുവിനെയും പി. സി. 429 വിജയൻ എന്നീ പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്യുകയുണ്ടായി. അതിനുശേഷം ഗവൺമെൻറ് ഇത് വളരെ ഗൗരവതരമാണെന്ന് മനസ്സിലാക്കി. പ്രതിപക്ഷനേതാക്കൻമാർ കഴിഞ്ഞ രണ്ടുദിവസം അവിടെ സംഭവസ്ഥലത്തുപോയി. അതിനുമുമ്പുതന്നെ ഭരണകക്ഷിയിലുള്ള ശ്രീ. ഉമ്മൻചാണ്ടി, ആ നിയോജകമണ്ഡലത്തിലെ എം. എൽ. എ. ശ്രീ. ജോസ് കുറ്റിയാനി അതുപോലെതന്നെ മന്ത്രിസഭയിലെ അംഗങ്ങളായ ശ്രീ. പി. ജെ. ജോസഫ്, ശ്രീ. കെ. എം. മാണി എന്നിവരെല്ലാം സംഭവസ്ഥലത്തുപോയി. വസ്തുതകളും എല്ലാം, വളരെ ഗൗരവമായി കണക്കിലെടുക്കേണ്ടതാണെന്ന് ഗവൺമെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സ്ത്രീകളെ സംബന്ധിച്ചുള്ള നടപടികളായതുകൊണ്ട് ഗവൺമെൻറ് ഈ കാര്യത്തിൽ കുറെക്കൂടെ ഗൗരവമായി അന്വേഷണം നടത്തേണ്ടതാണെന്നതിന്റെ അടിസ്ഥാനത്തിൽ ഒരു വനിതാ ജഡ്ജിയെക്കൊണ്ട് ഈ ആരോപണങ്ങളും അന്വേഷിപ്പിക്കുന്നതിന് തീരുമാനിച്ചു. ഹൈക്കോടതിയിൽ നിന്നും ഒരു വനിതാ ജഡ്ജിയുടെ സേവനം ഗവൺമെൻറിനു ലഭ്യമാക്കണമെന്ന് ഗവൺമെൻറ് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിന്റെ ഗൗരവം ഒരു കാരണവശാലും മറച്ചുവയ്ക്കുന്നതു ശരിയല്ല. 'മലയാള മനോരമ' പത്രത്തിൽ അവിടത്തെ ആളുകളും എല്ലാം കളക്ടറേറിന്റെ മുന്നിൽ പ്രകടനം നടത്തിയതായി വാർത്ത വന്നു. പ്രതിപക്ഷനേതാക്കളും ഭരണകക്ഷിയിലെ ആളുകളും അവിടെ ചെന്നു. ഇന്ന് അവിടെ വീടുകളിൽ നിന്നും പുറത്തിറങ്ങാൻ കഴിയാത്ത വിധത്തിൽ യാതൊരു സ്ഥിതിവിശേഷവും നിലവിലില്ല. അവിടെ നിയന്ത്രണാതീതമായതോ ആളുകൾക്ക് ഭയമുണ്ടാകേണ്ടതോ ആയ യാതൊരു സാഹചര്യവുമില്ല. അന്ന് നടന്ന അതിക്രമം ഉണ്ടാകാൻ പാടില്ലാത്തതാണെന്നുതന്നെയാണ് ഗവൺമെൻറിന്റെ അഭിപ്രായം. അതുകൊണ്ട് പ്രതിപക്ഷനേതാക്കൻമാർ ഏതെങ്കിലും രീതിയിൽ കൂടുതൽ വിവരങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽ അത് ഗവൺമെൻറിനെ

LIBRARY ARCHIVES Kerala Legislative Assembly

അറിയിച്ചാൽ പ്രതിപക്ഷനേതാക്കളുമായി ചർച്ച ചെയ്തു എന്തു നടപടി സ്വീകരിക്കാനും തയ്യാറാണു്. അടിയന്തിര സ്വഭാവം ഈ കാര്യത്തിലില്ലാത്തതുകൊണ്ടു് ചർച്ച ചെയ്യേണ്ട കാര്യമില്ല.

ശ്രീ. ഇ. കെ. നായനാർ :—സ്പീക്കർ സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. അവരുടെ മന്ത്രിമാർ പോയപ്പോഴും കിട്ടിയ റിപ്പോർട്ടിന്റെ വെളിച്ചത്തിലായിരിക്കും. അത്ര ഗുരുതരമായ സംഭവമല്ല, കേസു് എടുത്തിട്ടുണ്ടു് എന്നാണു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്. എന്നാൽ അതിൽ നിന്നു് വളരെ വ്യത്യസ്തമായ അനുഭവമാണു് കഴിഞ്ഞ വെള്ളിയാഴ്ചയും ശനിയാഴ്ചയും ഞങ്ങൾക്കു് അവിടെ പോയപ്പോഴും നേരിട്ടു് കാണാൻ കഴിഞ്ഞതു്. 14-ാം തീയതിതന്നെ കക്ഷി വ്യത്യാസമില്ലാതെ തകമണി ഗ്രാമത്തിലെ പതിനായിരക്കണക്കിനു് ജനങ്ങളും അന്നു രാവിലെ പത്തു മണി മുതൽ രണ്ടു മണിവരെ മാർച്ചു് ചെയ്തു് പൈനാവു് കളക്ടറേറ്റിലേക്കു് എത്തിയപ്പോഴും ഞങ്ങളും, അവിടെ ഉണ്ടായിരുന്നു. സി. പി. ഐ യുടെ നേതാക്കൻമാർ ശ്രീ. ടി.കെ. രാമകൃഷ്ണൻ ഉൾപ്പെടെയുള്ള നേതാക്കൻമാർ അതിനുമുമ്പു് ഈ സ്ഥലം സന്ദർശിച്ചിട്ടുണ്ടു് എന്നിട്ടും നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് അവിടെപോയി സ്ഥലം സന്ദർശിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്ന വസ്തുതയാണു് ഞങ്ങൾക്കു് മനസ്സിലാക്കാൻ കഴിഞ്ഞതു്. അവിടെ വികാരി തോമസു് മലയക്കുടിയാണു് ആ ധർണ്ണ ഉൽഘാടനം ചെയ്തതു്. ഫാദർ കോട്ടൂരാണു് ആ പൗരസമിതിയുടെ കൺവീനർ. അവിടെ ശ്രീ. പി. ജെ. ജോസഫിന്റെയും ശ്രീ. കെ. എം. മാണിയുടെയും പാർട്ടിയുടെ സെക്രട്ടറി, അവരുടെ പാർട്ടിയുടെ പ്രസിഡന്റു് അഗസ്റ്റിൻ വട്ടക്കുന്നേൽ അവിടെയുണ്ടു്. അവരും ഞാൻ ഉൾപ്പെടെയുള്ള പ്രതിപക്ഷ നേതാക്കൻമാരും അവിടെ റാലിയിൽ പ്രസംഗിച്ചു. എന്റെ പ്രസംഗം പോകട്ടെ ഞാൻ പ്രതിപക്ഷമാണു് എന്നു പറയും. കേരളാ കോൺഗ്രസ് പ്രസിഡന്റു്, അഗസ്റ്റിൻ വട്ടക്കുന്നേൽ, അവിടത്തെ വികാരി അച്ചൻ മുതലായവർ പ്രസംഗിച്ചു. വികാരി അച്ചൻ തോമസു് മലയക്കുടിയാണു് ധർണ്ണ ഉൽഘാടനം ചെയ്തതു്. ഫാദർ കോട്ടൂരാണു് കൺവീനർ. അതിനെക്കാളും കുറഞ്ഞ നിലയ്ക്കു് ഞങ്ങളും, പ്രതിപക്ഷങ്ങളും. അതേ സമ്മേളനത്തിൽ പ്രസംഗിച്ചു. അവിടെ ഞങ്ങൾ പ്രസംഗിക്കുന്നതിനുമുമ്പു് കോതമംഗലം ബിഷപ്പു് ജോർജു് പുന്നക്കോടു് ആ സ്ഥലവും വീടുകളും സന്ദർശിച്ചു് തലേന്നു് തന്നെ ഒരു സ്റ്റേറ്റുമെന്റു് ഇറക്കിയിട്ടുണ്ടു്. എന്റെ കയ്യിൽ അവിടത്തെ 42 സ്ത്രീകളും തന്ന പെറ്റീഷൻസു് ഉണ്ടു്. ഇതു് ഞങ്ങൾ നേരിട്ടു തന്നെ മന്ത്രിക്കു് അയയ്ക്കാൻ പോവുകയാണു്. 42 പേരും ഓരോരുത്തരായിട്ടു് നേരിട്ടു് എന്റെ കയ്യിൽ തന്നതാണു്. അവിടെ അത്ര ഭയാനകമായ സ്ഥിതിഗതികളും 22-ാം തീയതി രാത്രിയും പിറേന്നു് പകലുമായി നടന്നിട്ടുണ്ടു്. അവിടെ 42 വാഹനങ്ങളിൽ പോലീസു് വന്നതു് ഫാദർ കോട്ടൂരു് എണ്ണി. രാത്രി 12 മണി മുതൽ 2 മണി വരെ അദ്ദേഹം എണ്ണി. പിന്നേയും വാഹനങ്ങളും വരുന്നുണ്ടായിരുന്നു. അദ്ദേഹത്തിനു് എണ്ണാൻ കഴിഞ്ഞില്ല. ഇത്രയധികം പോലീസുകാരെ അവിടെ കൊണ്ടുവരാനുള്ള സാഹചര്യമുണ്ടായിട്ടുണ്ടോ ? വിദേശ രാജ്യത്തിലെ അക്രമി സൈന്യം വന്നു് കീഴടക്കിയ ഒരു ഗ്രാമത്തിന്റെ ഭയാനക ചിത്രമാണു് അവിടെ കാണാൻ കഴിഞ്ഞതു്. അവിടെയുള്ള പള്ളി തുറന്നു കൊടുക്കാൻ, അവിടെ തോക്കു് വച്ചിട്ടുള്ളതു് മനസ്സിലാക്കി അതു് തരണമെന്നു് പോലീസു് ഉദ്യോഗസ്ഥൻമാർ അച്ചനോടു് ആവശ്യപ്പെട്ടു. അല്ലെങ്കിൽ അവിടത്തെ ഫൈസ്സുകളും തുറന്നു കൊടുക്കണമെന്നു പറഞ്ഞു. അദ്ദേഹം അതു് തുറന്നുകൊടുത്തില്ല. അദ്ദേഹം പറഞ്ഞു, നിങ്ങൾ വേണമെങ്കിൽ കുത്തിതുറന്നു കയറിക്കൊള്ളൂ൯, ഞാൻ തുറന്നു തരികയില്ല എന്നു്. പക്ഷെ അത്ര ധൈര്യം ഉണ്ടായിട്ടുവേണ്ടേ അവർ അവിടെ

LIBRARY ARCHIVES Kerala Legislative Assembly

വന്ന് ക്യാമ്പ് ചെയ്യാൻ? പോലീസ് ഉദ്യോഗസ്ഥൻമാരുമായി സംസാരിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഫാദർ കോട്ടൂർ അവിടെ നിലവിളി കേട്ടത്. വീടുകളിൽ കയറി കൊള്ളചെയ്യുന്നത്, സ്ത്രീകളെ ആക്രമിക്കുന്നത്, കയ്യേറ്റം നടത്തുന്നത് ഈ നിലവിളി കേൾക്കുന്നതുവരെ അദ്ദേഹത്തിന് മനസ്സിലായില്ല. അങ്ങനെ ചെയ്യുമെന്ന് അവർ പറഞ്ഞില്ല. മാത്രമല്ല അദ്ദേഹത്തിന്റെ മുമ്പിൽ വച്ച് അവിടെയുള്ള ഒരു വീട്ടിലുള്ള ഒരാളെ പിടിച്ചുകൊണ്ടുവന്ന് ഇടിക്കുന്നത് അച്ചൻ കണ്ടു. ഈ തരത്തിൽ ഇടിച്ച്, ചവിട്ടിയരച്ച് കൊണ്ടിരിക്കുന്നത് അദ്ദേഹം കണ്ടു. ഇത്തരത്തിൽ ഒരു സംഭവം അവിടെ നടക്കേണ്ട സാഹചര്യമുണ്ടായിരുന്നോ? അവിടെ അങ്ങനെ ഉണ്ടായിട്ടില്ലെന്നാണ് ഞങ്ങൾ മനസ്സിലാക്കിയിരുന്നത്. കോഴിമല അവറാച്ചൻ അദ്ദേഹത്തിന്റെ വീട്ടിലേക്ക് സാധനങ്ങൾ വാങ്ങാൻ വന്നതാണ്. അദ്ദേഹം വെടിയേറ്റ് മരിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നോ? അങ്ങനെ ഒരു സാഹചര്യം ഉണ്ടായിരുന്നില്ല. ആകാശത്തിലേക്ക് വെടി വയ്ക്കുമ്പോഴാണ് മറ്റൊരു കോൺസ്റ്റബിൾ ചുറ്റും വെടിവയ്ക്കാൻ പറഞ്ഞത്. അങ്ങനെയാണ് വെടിവച്ചത്. അച്ചന്റെ കഴുത്തിനു നേരെ തോക്കിന്റെ കുഴൽ ചൂണ്ടിയതാണ്. അപ്പോൾ അൽപ്പം മാറിനിന്നതുകൊണ്ട് അച്ചനു അപകടമുണ്ടായില്ല. അവിടെ ചുറ്റും വെടിവയ്ക്കുകയാണുണ്ടായത്. അവിടെയുള്ള മാത്യു കോട്ടയം മെഡിക്കൽ കോളേജിൽ കാൽ നഷ്ടപ്പെട്ടു കിടക്കുകയാണ്. അയാൾക്ക് സ്വതവേ ഒരു കാലില്ല. മറ്റേ കാലിനാണ് വെടി കൊണ്ടത്. ഞങ്ങൾ മിനിഞ്ഞാന്ന് കോട്ടയത്ത് ആശുപത്രിയിൽ പോയപ്പോൾ അദ്ദേഹവും സഹധർമ്മിണിയും അവിടെയുണ്ട്. അദ്ദേഹത്തിന്റെ മറ്റേ കാലും മുറിക്കേണ്ടിവരും. അദ്ദേഹത്തെ സമ്മർദ്ദം ചെലുത്തി ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്യിക്കാൻ ശ്രമിക്കുകയാണ്.

സർ, അദ്ദേഹത്തെ ഡിസ്ചാർജ്ജ് ചെയ്യാനുള്ള സമ്മർദ്ദം നടക്കുന്നുയെന്നറിഞ്ഞുകൊണ്ടാണ് ഞങ്ങൾ അവിടെ പോയത്. ഞങ്ങളോട് അയാൾ പറഞ്ഞത് എന്റെ മറ്റേക്കാലും പോയിയെന്നാണ്. വെടിയേറ്റുമരിച്ചാൽ, അല്ലെങ്കിൽ കാലുമുറിച്ചാൽ സ്ത്രീകളെ മാനഭംഗപ്പെടുത്തിയാൽ എങ്ങനെയാണ് സമാധാനം സ്ഥാപിക്കുന്നത്? രുഗ്മിണിയെന്നു പറയുന്ന സ്ത്രീ നടത്തുന്ന ഒരു ചായക്കട, അത് അവരുടെ വീടുംകൂടിയാണ്. അത് മുഴുവൻ ഇടിച്ചു തകർത്ത്, മുഴുവൻ പലഹാരങ്ങളും പോലീസുകാർ തിന്നു. ഒരു പൈസപോലും കൊടുത്തില്ല. പോലീസുകാർ കട്ട് തിന്നുകയെന്നു പറയുന്നത് അവരെ സംബന്ധിച്ചിടത്തോളം സ്വാഭാവികമാണ്. സാധനങ്ങൾ മുഴുവൻ തല്ലിത്തകർക്കുകയും പുറത്തേയ്ക്കെറിയുകയും ചെയ്തു. അവർ തന്നെ ഞങ്ങളോടു പറഞ്ഞതാണ് അത്. കൊല്ലമ്പറമ്പിൽ ചിന്നമ്മയുടെ വീട്ടിൽ ഞങ്ങൾ പോയി. കോളേജിൽ പഠിക്കുന്ന മകളടക്കം രണ്ടു പെൺകുട്ടികളും ആ സ്ത്രീയും മാത്രമാണ വിടെയുള്ളത്. അവർ അവിടെ നടന്ന സംഭവത്തെക്കുറിച്ച് ഞങ്ങളോടു പറഞ്ഞു. തന്റേടത്തോടെ അവർ പറഞ്ഞത്, അവിടെ എന്താ നടന്നതെന്ന് എവിടെ വേണമെങ്കിലും വന്നു പറയാൻ അവർ തയ്യാറാണെന്നാണ്. ഞങ്ങളെ അപമാനിച്ചത് സംബന്ധിച്ച് മുഖ്യമന്ത്രിയുടെ ഭാര്യയോടും സഹോദരിയോടും മകളോടും വേണമെങ്കിൽ തിരുവനന്തപുരത്തുവന്ന് പറയാമെന്ന് ഞങ്ങളോട് അവർ പറഞ്ഞതാണ്. അവിടെ നടന്നിട്ടുള്ള ആക്രമ സംഭവങ്ങൾക്ക് യാതൊരു കയ്യും കണക്കുമില്ല. ഞാൻ ഒരു പൊതുയോഗത്തിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ആ സ്ത്രീ എണീറ്റ് നിന്ന് പറഞ്ഞതാണ് ഒരു ഗ്ലാസ്പോലും എന്റെ വീട്ടിലില്ല എല്ലാം കിണ്ണറിലൊഴിഞ്ഞിരിക്കയാണ്. വീടു മുഴുവൻ തല്ലിത്തകർത്തു. ആ സ്ത്രീയുടെ കയ്യും കാലും പിടിച്ചു വലിച്ചു, ഉടുത്തിരുന്ന വസ്ത്രങ്ങൾ മുഴുവൻ കീറിക്കളഞ്ഞു. ഇതൊക്കെ ഐ. ജി. കണ്ടിരുന്നെങ്കിൽ നടപടി എടുക്കുമായിരുന്നില്ലേ, ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ജോസഫും മാണിയും ഗൗരവമായിട്ടന്വേഷിച്ചിരുന്നെങ്കിൽ അവർക്ക് ആശ്വാസം നൽകാനുള്ള വിവരം നൽകാമായിരുന്നില്ലേ? അവർ വീട്ടിൽപോയി അന്വേഷിച്ചില്ല,വെടിയേറ്റു മരിച്ച കുടുംബത്തിന് ഒരു നയാപൈസപോലും കൊടുത്തില്ല. സാധാരണ ഒരു നിയമമുണ്ട്, മണ്ണിടിഞ്ഞുവീണു മരിച്ചാൽ തന്നെ 5,000 രൂപ വരെ കൊടുക്കാം. പ്രത്യേകിച്ച് കളക്ടർക്ക് 500 രൂപ കൊടുക്കാം. കണ്ണൂരിൽ 3 സ്ത്രീകളെ മണ്ണിടിഞ്ഞുവീണു മരിച്ചപ്പോൾ അന്ന് കളക്ടറുമായി ഞാൻ സംസാരിച്ചതിനെത്തുടർന്ന് 500 രൂപ ക്യാഷായി കൊടുക്കുകയും പിന്നെയും കൊടുക്കാമെന്ന് പറയുകയും ചെയ്തു. ഇവിടെ ഇന്നുവരെ, വെടിയേറ്റു മരിച്ച ആളുടെ കുടുംബത്തിന്, കാലുപോയ ആളുടെ കുടുംബത്തിന് ഒരു നയാപൈസപോലും കൊടുത്തിട്ടില്ലെന്നു മാത്രമല്ല, 200-ഓളം ആളുകളുടെ പേരിൽ, അവർ ഇങ്ങോട്ടാക്രമിക്കാൻ വന്നുയെന്നു പറഞ്ഞ് കേസ്സെടുക്കാൻ പോവുകയാണ്. സമചിത്തതയുള്ളൊരു ഉദ്യോഗസ്ഥനോ, അധികാരിയോ ആയിരുന്നുവെങ്കിൽ ഇത്തരം സംഭവങ്ങൾ നടക്കേണ്ട യാതൊരു സാഹചര്യവുമില്ലായിരുന്നു. മദ്യം. കഴിച്ച് തല്ലയ്ക്കു പിടിച്ച് ലക്കില്ലാതെ വന്ന തമ്പാൻ എന്ന സർക്കിൾഇൻസ്പെക്ടറോട് അച്ചൻ പറഞ്ഞു എനിക്ക് 5 മിനിട്ട് തന്നാൽ ഞാനവരെ സമാധാനിപ്പിച്ചുവിടാമെന്ന്. അപ്പോൾ നിങ്ങൾ ഇടപെടണ്ട ഞാൻ കൈകാര്യം ചെയ്തുകൊള്ളാം എന്നു പറഞ്ഞ് പോലീസിനെ അപ്പുറത്ത് ഫാളൻ ചെയ്തു നിർത്തിയിട്ട് ലാത്തിചാർജ്ജ് ചെയ്യുകയാണ് ചെയ്തത്. പഴയ പഞ്ചായത്തു പ്രസിഡൻറ് മി. മാത്യു ഞങ്ങൾ ഇടപെട്ടോളാം എന്നു പറഞ്ഞപ്പോൾ അയാളെ തള്ളി ഓടയിലിട്ട് ഇടിക്കുകയും തല്ലുകയും ചെയ്തു. ഫാദറിനെയും തള്ളിമാറ്റി. അപ്പോൾ സർക്കിൾഇൻസ്പെക്ടർക്ക് യാതൊരു ലക്കും ഇല്ലായിരുന്നു. മാത്രമല്ല നമ്മുടെ വികാരി അച്ചൻ ഫാദർ കോട്ടൂർ, മുഖ്യമന്ത്രിയെ കണ്ടിരുന്നു, അപ്പോൾ ജോസ് കുറ്റിയാനിയും കൂടെയുണ്ടായിരുന്നു. ഞങ്ങൾ അവിടെ പോയപ്പോൾ ആണ് സംഗതി അറിഞ്ഞത്. ഇവിടെ വന്ന് സംസാരിച്ച അച്ചനോട് മി. കരുണാകരൻ ചോദിച്ചത് ക്രിമിനൽ കുറ്റവാളി ആരാ അവിടെയെന്ന്. ഫാദർ കോട്ടൂർ പറഞ്ഞു " നമ്പർ 1 " ഞാനാണ് ഞാനാണ് കുറ്റവാളി, ഞാനാണ് പള്ളിയിലെ മണിയടിച്ചതെന്ന് പറഞ്ഞില്ലേ ? അച്ചനതറിയില്ല; കാരണം അച്ചൻ കുന്നിന്റെ താഴെയാണ് ആ സമയത്തുണ്ടായിരുന്നത്. മുകളിലാണ് പള്ളി, ആരോ കയറിയടിച്ചതാണ് അച്ചനതറിയില്ല, അച്ചൻ അത് നിർത്താൻ ഓടുകയായിരുന്നു. എന്നിട്ട് ഇവിടെ വച്ച് ഫാദർ ക്രിമിനൽ കുറ്റവാളിയെന്നു പറഞ്ഞ് അദ്ദേഹത്തെ അപമാനിക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്. ബഹുമാനപ്പെട്ട ജോസ് കുറ്റിയാനി ഇന്നലെയും അവിടെ ഉണ്ടായിരുന്നു. ഇന്നലെ ഞങ്ങൾ ഫാദറോടൊത്ത് ഒരുമിച്ചുണ്ടായിരുന്നു. ഫാദർ ഈ സംഭവത്തെ മുഴുവൻ ഞങ്ങളോട് സംസാരിച്ചു. അതുപോലെ കോതമംഗലം ബിഷപ്പു പറഞ്ഞത് സത്യമാണ്, അർദ്ധരാത്രിക്കുശേഷം വീടുകളിൽ കിടന്ന സ്ത്രീകളോടും ഞങ്ങളോടും ചെയ്തത് ശരിയാണോ, ഡോ. ജോർജ്ജ് പുന്നക്കോടവിൽ പറഞ്ഞത് അർദ്ധരാത്രിക്ക് പോലീസ് വീടുകളിൽ കടന്ന് സ്ത്രീകളെയും കുട്ടികളെയും മനുഷ്യത്വമില്ലാതെ മർദ്ദിച്ചു. സ്ത്രീകളെ മാനഭംഗപ്പെടുത്തിയ മനുഷ്യത്വത്തിന് നിരക്കാത്ത പ്രവർത്തികളെല്ലാം തങ്കമണിയിൽ നടന്നു. ഇത് നിങ്ങളും ബിഷപ്പും പറഞ്ഞതാണ്, ഞാൻ പറഞ്ഞതല്ല. എന്നാൽ ഇപ്പോൾ ഞാൻ പറയുന്നു ഇതൊക്കെ നടന്നുയെന്ന്. തങ്കമണി സന്ദർശിച്ച് കാര്യങ്ങളൊക്കെ മനസ്സിലാക്കുകയും അച്ചൻ പത്രങ്ങൾക്കു നൽകിയ വാർത്തകളുടെ പകർപ്പും ഞങ്ങളുടെ കയ്യിലുണ്ട്. നിങ്ങൾക്ക് ചിരിയാണ്, അവിടെ കരയുകയാണ്, നിലവിളിക്കുകയാണ്. വീടുകളിലെ വാതിലുകളും ജനലുകളും തല്ലിത്തകർത്ത്, ആഭരണങ്ങളും പണവും കവർച്ച ചെയ്തു. നിരവധിപേരെ മർദ്ദിച്ചു, സ്ത്രീകളെ അപമാനപ്പെടുത്തി, ഇങ്ങനെ നടക്കാൻ പാടില്ലാത്ത പലതും ആ കൊച്ചുഗ്രാമത്തിൽ നടന്നു. പുരോഹി

LIBRARY ARCHIVES Kerala Legislative Assembly

തൻമാർ അടങ്ങിയ അവിടത്തെ പൗരസമിതി അടക്കമുള്ളവർ പറഞ്ഞിരിക്കുന്നത് ഈ എസ്. പി. പുലികേശിയെ 24 മണിക്കൂറിനകം സസ്പെൻറ് ചെയ്തു അന്വേഷണം നടത്തണമെന്നാണ്. ഞാൻ മാത്രമല്ല പുരോഹിതൻമാർ അടക്കം കക്ഷിവ്യത്യാസം കൂടാതെ, നമ്മുടെ മാണിയുടെയും ജോസഫിൻെറയും പാർട്ടി പ്രസിഡൻറുമാർ അടക്കമുള്ള അവിടത്തെ പൗരസമിതി ആവശ്യപ്പെട്ടു. പുലികേശിയെ സസ്പെൻറ് ചെയ്യണം, സി. ഐ-യെ സസ്പെൻറ് ചെയ്തു അന്വേഷിക്കണം എന്നെല്ലാം. അതുപോലെ ഡി. ഐ. ജി. ജോസഫ് തോമസിനെയും സസ്പെൻറ് ചെയ്തിട്ട് അന്വേഷണം നടത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. കണ്ണൂർ ഉണ്ടായിരുന്ന ഉദ്യോഗസ്ഥനാണെന്ന് അഹമ്മദിനറിയാം. അയാളം 3 തവണ രാത്രിയിൽ അവിടെ വന്നിരുന്നു. 2 വാൻ സി. ആർ. പി-യെ കൂട്ടി കൊണ്ടുവന്നിരുന്നു. ഡി. ഐ. ജി-ആണ് അദ്ദേഹം കുറച്ചുകാലം കണ്ണൂരിലുണ്ടായിരുന്നു. പള്ളിയിലെ അച്ചനോട് അയാളം പള്ളിയും സ്കൂളും തുറന്നുകൊടുക്കണമെന്ന് പറഞ്ഞു. അച്ചൻ പറഞ്ഞു ഞാൻ തുറന്നുതരില്ലായെന്ന് വേണമെങ്കിൽ ചവിട്ടിത്തുറന്നു താമസിച്ചോ ക്കോണം ആവശ്യപ്പെട്ടാലും തരില്ല കാരണം നിങ്ങളാക്ക് ക്കോണം തന്നാൽ കൊലയാളികളാക്ക് ക്കോണം കൊടുത്തു എന്ന് നാട്ടുകാർ പറയും. ആ സ്ഥിതിക്ക് ഞാൻ തരില്ലായെന്നു പറഞ്ഞു. ഇത്രയും സ്ഥിതി ഗുരുതരമാണെന്ന് ഞങ്ങളാക്ക് അവിടെ പോയതിനുശേഷമാണ് മനസ്സിലായത്. അതുകൊണ്ട് എനിക്ക് നിങ്ങളോട് അപേക്ഷിക്കാനുള്ളത്, അവിടെപ്പോയിയെന്ന് പറയുന്ന മന്ത്രിമാരോട് അപേക്ഷിക്കാനുള്ളത് ഇതാണ്. സ്ത്രീകളെ അപമാനിച്ച് മനസാക്ഷിയെ തകർത്ത്, രാജ്യത്ത് നടക്കാൻ പാടില്ലാത്തതെല്ലാം നടന്ന ആ ഗ്രാമം ഇന്ന് കേഴുകയാണ്. കരയുകയാണ് നീതിക്കുവേണ്ടി, ധർമ്മത്തിനുവേണ്ടി, ആശ്വാസത്തിനുവേണ്ടി ആവശ്യപ്പെടുകയാണ്. അതുകൊണ്ട് അവരെ സഹായിക്കാനുള്ള നടപടി സ്വീകരിക്കണം. വെടിയേറ്റു മരിച്ചവർക്ക് ഘാതകൻമാരായ നിങ്ങളം ഒരു നയാപൈസപോലും കൊടുത്തില്ല. അതുപോലെ കാല് നഷ്ടപ്പെട്ടവരെയും, വീട് മുഴുവൻ നശിച്ചവരെയും സഹായിച്ചില്ല. മദ്യം കഴിച്ചുകൊണ്ട് മനസാക്ഷിനഷ്ടപ്പെട്ട് പോലീസുകാർ ചവിട്ടിയരച്ച് തകർത്ത ആ ഗ്രാമത്തിലെ ജനങ്ങളാക്ക് ആശ്വാസം നൽകണം. നിങ്ങളം ഇത് യാതൊന്നും ചെയ്തിട്ടില്ല. ഞങ്ങളോട് നേരിട്ട് കരഞ്ഞുകൊണ്ട്, കണ്ണീർ വാർത്തുകൊണ്ട് ചിന്നമ്മ എന്ന സ്ത്രീ പറഞ്ഞു. ഞാൻ ഈ രാജ്യത്തെവിടെ വേണമെങ്കിലും പോയി കയ്യേറത്തെപ്പറ്റി പറയാൻ തയ്യാറാണ് എന്ന് മുഖ്യമന്ത്രിയുടെ വീട്ടിൽ പോലും പോയി പറയാൻ തയ്യാറാണ് എനക്കതിനവസരം തരണം എന്നു പറഞ്ഞു. അതുകൊണ്ട് നീതിപൂർവ്വമായും നിഷ്പക്ഷമായും ഈ രാജ്യത്തിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ നടപടി കൈക്കൊള്ളണം. ഗൗരവമായി ഈ സഭയെ ബോദ്ധ്യപ്പെടുത്താൻ ഈ സഭ നിർത്തിവച്ച് ഇന്ന് മുഴുവൻ ചർച്ച ചെയ്തു ഇക്കാര്യത്തെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കണം. കുറ്റവാളികളെ ശിക്ഷിക്കണം. നഷ്ടങ്ങളുണ്ടായവരെ സാമ്പത്തികമായി സഹായിക്കണം. പൗരസമിതിയുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തണം. ഈ രാജ്യത്തെ മഹിളാജഡ്ജിയെ കിട്ടിയില്ലെങ്കിൽ, ഇവിടെ സ്ത്രീകളായ എം. എൽ. എ. മാരുണ്ട്, വനിതാമന്ത്രിയുണ്ട്., അപ്പുറത്തിരിക്കുന്നു, അവരെയൊക്കെ ചേർത്ത് കക്ഷിവ്യത്യാസമില്ലാതെ രണകക്ഷിയേയും ഉൾപ്പെടുത്തി അന്വേഷണത്തിൽ നീതിനിഷ്ടമായ ഒരു സമീപനം നിങ്ങളുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, ഇത് ചർച്ച ചെയ്യാൻ അവസരമുണ്ടാക്കണമെന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ നിഷേധിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ സംഭവത്തിന്റെ ഗൗരവം ഗവൺമെന്റിന് അവിടെ ചെന്നന്വേഷിച്ചും പത്രം മുഖേനയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ ആത്മാർത്ഥമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. പോലീസുകാർ അതിക്രമം നടത്തിയെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ പോലീസുകാർക്കെതിരായി ശക്തമായ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. അതുകൊണ്ടാണ് അന്വേഷണത്തിൽ പോലീസുകാർ അതിക്രമം നടത്തിയെന്ന് ബോദ്ധ്യമായതിനാലാണ് ഗവൺമെന്റ് നടപടി എടുത്തത്. പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച പോലെ ഇനിയും കൂടുതൽ പോലീസുകാർ ഇതിൽ ബന്ധപ്പെട്ടിട്ടുണ്ടെന്ന് സൂചന കിട്ടിയാൽ ഡി.എസ്.പി. അല്ല ഡി.ഐ.ജി. ആയാൽ പോലും അതിക്രമത്തിനവർ കാരണക്കാരാണോയെന്ന് പരിശോധിക്കാതെ അവർക്കെതിരെ നടപടിയെടുക്കാൻ ഗവൺമെന്റിന് സാദ്ധ്യമല്ല. ഇതിന് കാരണക്കാരായ ആളുകളുടെ പേരിൽ നടപടിയെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ സമീപനം എന്താണെന്നുള്ളത് പരിശോധിക്കണം. ആദ്യം റവന്യൂബോർഡ് മെമ്പറെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ആലോചിച്ചു, അത് പോരാ, കുറച്ചുകൂടി ഗൗരവമായിട്ടെടുക്കണമെന്ന് മന്ത്രിമാരും അവിടത്തെ എം.എൽ.എ.മാരായ കുറിയാനിയും ഉമ്മൻചാണ്ടിയും ഭരണകക്ഷിയിലെ തന്നെ എം.എൽ.എ. മാരുമൊക്കെ പോയി അന്വേഷിച്ചു വന്ന് ഗവൺമെന്റുമായി ചർച്ച ചെയ്തതിനുശേഷം അഭിപ്രായപ്പെട്ടു. ഈ വിവരം ജിനദേവൻ ആദ്യമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവന്നു. അന്ന് ഗവൺമെന്റിന് കൂടുതൽ ഇൻഫർമേഷൻ ഇല്ലായിരുന്നു. അന്ന് ടെലിഫോൺ സമരം കാരണം ഗവൺമെന്റിന് കൂടുതൽ ഇൻഫർമേഷൻ കിട്ടിയില്ല.

അതുകൊണ്ടാണ് ഉടനെതന്നെ ഐ.ജി.യോട് അവിടെപ്പോയി അന്വേഷിക്കാൻ പറഞ്ഞത്. ഐ.ജി. സ്പോട്ടിൽ പോയി അന്വേഷിച്ച് ഗവൺമെന്റിന് റിപ്പോർട്ട് തരണമെന്നു പറഞ്ഞു. ഐ.ജിയുടെ റിപ്പോർട്ട് പൂർണ്ണമായിരുന്നില്ല. എങ്കിൽപോലും കിട്ടിയ റിപ്പോർട്ടിനെ ആധാരമാക്കിക്കൊണ്ട് ഉത്തരവാദപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരെ എല്ലാം സസ്പെൻഡ് ചെയ്യാനുള്ള നടപടി സ്വീകരിച്ചു. ഇതൊരു മാനുഷിക പ്രശ്നമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് കോതമംഗലം ബിഷപ്പ് പറഞ്ഞു, ബലാൽസംഗം നടത്തി, മാനഭംഗപ്പെടുത്തിയെന്ന്. പത്രപ്രസ്താവനയിൽ വന്നത് ബലാൽസംഗം എന്നായിരുന്നു. പക്ഷേ ബിഷപ്പ് പറഞ്ഞത് മാനഭംഗപ്പെടുത്തിയെന്നുള്ളതാണ്. അതുകൊണ്ട് ഈ രണ്ട് കാര്യത്തെ സംബന്ധിച്ചിടത്തോളം..... (ബഹളം)

....

ബലാൽസംഗവും മാനഭംഗവും തമ്മിൽ വ്യത്യാസമുണ്ടെന്നൊക്കെയാണ് പത്രവാർത്തകളും ..... (ബഹളം) ..... അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഈ കാര്യത്തിൽ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ വിശാലമായ ഒരു വീക്ഷണമാണുള്ളത്. ഇതുപോലുള്ള സംഭവങ്ങൾ യാതൊരു കാരണവശാലും നമ്മുടെ രാജ്യത്ത് നടക്കാൻ പാടില്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ആ കാര്യത്തിൽ ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായിക്കഴിയുമ്പോൾ ഗവൺമെന്റ് എടുക്കുന്ന നടപടിയെ ആധാരമാക്കിയാണ് വിലയിരുത്തേണ്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കൻമാരോട് ഞാൻ അഭ്യർത്ഥിക്കുന്നു ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള അന്വേഷണ റിപ്പോർട്ടുകളേക്കാൾ കൂടുതൽ എന്തെങ്കിലും നിങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോയി ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതുകൂടി ഗവൺമെൻറിന് റിപ്പോർട്ടുചെയ്യണമെന്ന്. അതുകൂടി ഗവൺമെൻറിന് റിപ്പോർട്ടു ചെയ്തു കഴിഞ്ഞാൽ ഗവൺമെൻറ് ഇതുവരെ എടുത്ത നടപടികളേക്കാൾ കൂടുതൽ നടപടിയെടുക്കണമോ എന്നുള്ള കാര്യത്തെ സംബന്ധിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കും. ഈ കാര്യത്തിൽ ഗവൺമെൻറ് എടുത്തത് വളരെ സത്യസന്ധവും, ഇതുപോലുള്ള സംഭവങ്ങൾ മേലിൽ ഈ രാജ്യത്ത് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവു പറഞ്ഞു ഫാദർ കോട്ടൂരിന്റെ ചീഫ് മിനിസ്റ്റർ അപമാനിച്ച് അയച്ചുവെന്ന്. അത് സത്യവിരുദ്ധമാണ്. ഫാദർ കോട്ടൂരിന്റെ പ്രസ്താവന ദേശാഭിമാനിയിലാണ് പറയുന്നത്. ഇതിൽ രാഷ്ട്രീയമായി മുതലെടുക്കരുത്. ഇന്ന് ദേശാഭിമാനിയിൽ മുഖ്യമന്ത്രിയുടേയും ഫാദർ കോട്ടൂരിന്റേയും പരസ്യം കൊടുത്തിരിക്കുകയാണ്. ഈ തെരഞ്ഞെടുപ്പ് അടുക്കുന്ന അവസരത്തിൽ ഇതുപോലുള്ള സംഭവങ്ങൾ നമുക്ക് ആവർത്തിക്കാതിരിക്കാൻ, കഴിയുമെങ്കിൽ രാഷ്ട്രീയമായി ഇങ്ങനെയുള്ള പ്രചരണങ്ങൾ നടത്താതെ നമുക്ക് ഒരുമിച്ച് നിന്ന് ആരാണ് കുറ്റവാളികൾ എന്നു കണ്ടെത്തി അവരുടെമേൽ നടപടി എടുക്കണം. ഇതുപോലെ ഉണ്ടാകുന്ന സംഭവങ്ങൾ രാഷ്ട്രീയത്തിനതീതമായി ഒരു വീക്ഷണത്തോടുകൂടി കാണണം. പ്രതിപക്ഷനേതാക്കൾ ഈ കാര്യത്തിൽ ഗവൺമെൻറ് ഇനി എന്താണ് നടപടി നടത്തേണ്ടതെന്ന് പറയണം. അതുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു സാഹചര്യവും ഇന്ന് തങ്കമണിയിൽ ഇല്ല എന്നുള്ളത് അറിയിക്കുകയാണ്. .....

(ബഹളം) .....

മി. സ്പീക്കർ : നമ്മുടെ നടപടിക്രമം അറിയാമല്ലോ. ഇവിടെ അടിയന്തിര പ്രമേയം വരുമ്പോൾ ബന്ധപ്പെട്ട ആളുകളെ സബ്മിഷനു വിളിക്കാറില്ലല്ലോ. അതൊരു പുതിയ കാര്യമാണ്. ഈ കാര്യത്തിൽ ശ്രീ. രാജൻ കാണിക്കുന്ന ഉദാരമനസ്കതയെ ഞാൻ അംഗീകരിക്കുന്നു. പക്ഷേ ഇവിടെ അങ്ങനെ പതിവില്ലല്ലോ. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

ശ്രീ. ഇ.കെ. നായനാർ : സർ, നവംബർ 11-ാം തീയതിയിലെ മാതൃഭൂമിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബലാൽസംഗം നടന്നിട്ടില്ല, മാനഭംഗം നടന്നിട്ടില്ല എന്നു പറഞ്ഞു എന്നുണ്ട്. എന്നാൽ കോതമംഗലം ബിഷപ്പ് ഡോ. ജോർജ് പറയുന്നത് മാനഭംഗപ്പെടുത്തുന്നതും മനുഷ്യത്വത്തിന് നിരക്കാത്തതാണെന്നാണ്. പക്ഷേ തങ്കമണിയിൽ അതെല്ലാം സംഭവിച്ചിരിക്കുകയാണ് എന്ന് അദ്ദേഹം പറഞ്ഞു. അതാണ് എന്റെ കയ്യിലുള്ള പേപ്പർ കട്ടിംഗ്സ്. അപ്പോഴും ആ നീതിയിൽ നമ്മുടെ രാജ്യത്ത് സ്ത്രീകളെ അപമാനിച്ചിരിക്കുകയാണ്. അതുപോലെ കൊള്ളരുതാത്ത വാക്കുകളും ഈ അസംബ്ലിയിൽ ഉന്നയിക്കുകയും ചെയ്തതാണ്. ഗർഭിണികളാക്കി എന്നും മാറ്റുമെല്ലാം. ഞങ്ങളും ആ സ്ഥലത്താണ് പോയത്. ശ്രീ. ജോസ് കുറ്റ്യാനി ഉണ്ടായിരുന്നല്ലോ ഇന്നലെ. ഞങ്ങളും അവിടെ പോയി കണ്ടതെല്ലാം ഇവിടെ പറഞ്ഞു. പക്ഷേ എന്തുകൊണ്ട് ആ സംഭവം നടന്നു? ഇതിനെസംബന്ധിച്ച് ഉദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്തു ഒരന്വേഷണം നടത്തണം. എസ്.പി. പുലികേശിയെ സസ്പെൻറ് ചെയ്യണം ; അതുപോലെ സർക്കിൾ ഇൻസ്പെക്ടർ തമ്പാനെ സസ്പെൻറ് ചെയ്യണം ; അല്ലാത്ത ഒരന്വേഷണവും തങ്കമണിയിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ല എന്ന് ഞങ്ങൾക്ക് മനസ്സിലായി.

LIBRARY ARCHIVES Kerala Legislative Assembly

സർ, അതുപോലെ വെടിയേറ്റ് കാല് മുറിഞ്ഞ ദേഹത്തിനും വെടിയേറ്റവരുടെ കുടുംബത്തിനും അടിയന്തിരമായി ആശ്വാസം നൽകണം. വീടുകൾ മുഴുവൻ തകർക്കുകയും കൊള്ളചെയ്യപ്പെടുകയും ചെയ്തവർക്കും നാശനഷ്ടം വന്നവർക്കും, കൊള്ളചെയ്യപ്പെട്ട വീടുകൾക്കും സഹായം നൽകാനും, ആശ്വാസം നൽകാനുമുള്ള നടപടി സ്വീകരിക്കാതെ ഈ ചർച്ച അവസാനിപ്പിക്കാൻ പോകുന്നില്ല. പ്രശ്നം പരിഹരിക്കപ്പെടുകയില്ല. തങ്കമണിയിലെ ജനങ്ങൾ സഹിക്കാൻ പോകുന്നില്ല. അവരെ സംരക്ഷിക്കാൻ നിങ്ങൾക്ക് സാധിക്കുകയില്ല. അവരെ സഹായിക്കാത്ത നടപടിയിലും ഇതിനെക്കുറിച്ച് ചർച്ച നടക്കാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് ഇറങ്ങിപ്പോകുകയാണ്. (ശ്രീ. ഇ.കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. കെ.പി. പ്രഭാകരൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നുതന്നെ ഒരു ചർച്ച ഇവിടെ ആവശ്യമാണെന്നാണ് വ്യക്തമായത്. ബഹുമാനപ്പെട്ട രണ്ട് മന്ത്രിമാർ പോയെന്നു പറഞ്ഞു. അതുപോലെ ഭരണകക്ഷിയിലെ ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. കുറ്റ്യാനിയുമൊക്കെ പോയി അന്വേഷിച്ചുവെന്നു പറഞ്ഞു. അവരുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ അവിടെ എന്തു നടന്നു എന്നുള്ളതാണ് ഇവിടെ ചർച്ച ചെയ്യേണ്ടതാണ്. ഈ രണ്ട് മന്ത്രിമാരും മറ്റു പല എം.എൽ.എ. മാരും എല്ലാം പോയതിനു ശേഷം ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പീസ് മീലായിട്ട് പല തവണ ചില അന്വേഷണങ്ങളെപ്പറ്റി പ്രഖ്യാപനങ്ങളും ഒക്കെ നടത്തിയതിനുശേഷവും ഈ 14-ാം തീയതി തങ്കമണി ഗ്രാമത്തിൽനിന്ന് 25 കിലോമീറ്റർ മലതാണ്ടി നടന്ന് ആയിരക്കണക്കിന് ആളുകൾ പൈനാവിൽ എത്തിയത് ഞങ്ങൾ അവിടെ നേരിട്ടുകണ്ടതാണ്. പലരും വഴിയിൽ തളർന്നുവീണു. ഇതിന്റെ നടപടിയിൽ ഞങ്ങളെ ആരേയും തൃപ്തിപ്പെടുത്തേണ്ട കാര്യവുമില്ല. പ്രതിപക്ഷത്തിനെ തൃപ്തിപ്പെടുത്തേണ്ട കാര്യവുമില്ല. തങ്കമണിയിലെ ജനങ്ങൾക്ക് ബോദ്ധ്യമായിട്ടില്ല നിങ്ങളുടെ നടപടി. ശ്രീ. ഉമ്മൻചാണ്ടിയും, ശ്രീ. മാണിയും, ശ്രീ. പി.ജെ. ജോസഫും പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പല പ്രഖ്യാപനങ്ങളും നടത്തി. ഇതൊക്കെ കഴിഞ്ഞതിനു ശേഷമാണ് കടുത്ത ത്യാഗം സഹിച്ചുകൊണ്ട് 25 കിലോമീറ്റർ നടന്ന് തങ്കമണിയിലെ ജനങ്ങൾ പൈനാവ് കളക്ടറേറ്റിന്റെ ഗേറ്റിൽ എത്തിയത്. എന്നിട്ട് ഇതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ട എന്നാണോ പറയുന്നത് ? ഇവരെല്ലാം പോയതിനുശേഷം നടന്നുവന്ന് ഞങ്ങൾക്ക് നേരിട്ടുതന്ന, അവർ രേഖാമൂലം എഴുതിക്കൊടുത്ത പരാതികളുടെ കാര്യമാണ് പ്രതിപക്ഷ നേതാവ് ഇവിടെ പറഞ്ഞത്. ഇത്തരം ഒരു സംഭവം നമ്മുടെ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കണമെങ്കിൽ അതിനുള്ള നടപടിയെടുക്കണം. ചില ആളുകളുടെ കാര്യത്തിൽ നടപടിയെടുത്തു എന്നു പറഞ്ഞു. ഇതിന്റെ പ്രധാന ഉത്തരവാദികൾ ആരാണെന്ന് ആദ്യം മുതലേ തന്നെ പറയുന്നതാണ്. എസ്. പി. പുലികേശിയും അതുപോലെ തന്നെ സി.ഐ. തമ്പാനും ആണെന്ന്. സമാധാനപരമായി പറഞ്ഞു തീർക്കേണ്ടതായിരുന്നു വിദ്യാർത്ഥികളും ബസ് ഉടമകളും തമ്മിലുള്ള തർക്കം. ആ തർക്കം പറഞ്ഞു തീർക്കാൻ ആ പ്രദേശത്തുള്ള എല്ലാ പ്രാദേശിക പാർട്ടിയുടേയും, പൊളിറ്റിക്കൽ പാർട്ടിയുടേയും പ്രവർത്തകരും, ഫാദറും എല്ലാം ഒത്തുചേർന്നുകൊണ്ട് അതിന് ഒരു കോംപ്രൊമൈസ് സംസാരിക്കുന്നതിന്റെ മദ്ധ്യത്തിലാണ് ഞങ്ങൾ സന്ധി സംഭാഷണത്തിനല്ല വന്നത്, ബസ് കൊണ്ടുപോകാനാണ് ഞാൻ വന്നത്, എന്നേക്കാൾ കൂടുതൽ സ്വാധീനമുള്ള ആളുകളുടെ നിർദ്ദേശം അനുസരിച്ചാണ് ഞാൻ വന്നത് എന്നൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

സി. ഐ. തമ്പാൻ പറഞ്ഞത്. അങ്ങനെ മനപ്പൂർവം അവിടെ കുഴപ്പമുണ്ടാക്കുകയായിരുന്നു. ആ തമ്പാനെ നിയന്ത്രിക്കൊണ്ട്, ഇതിനെല്ലാം സ്പോട്ടിൽ നിന്നുകൊണ്ട് പാതിരാത്രിക്ക് ഈ വീടുകളിൽ കയറി പരാക്രമവും ക്രൂരതകളും നടത്തുന്നതിന് അവിടെ നേരിട്ടു നേതൃത്വം കൊടുത്ത എസ്. പി. പുലികേശനെ, നിയന്ത്രിക്കാണ്ട് ഇനി എന്ത് അന്വേഷണം നടത്തിയാണ് നടപടിയെടുക്കാൻ പോകുന്നത്? തങ്കമണിയിലെ ജനങ്ങളെ പറഞ്ഞാൽ വിശ്വസിക്കില്ലേ? ഇവരൊക്കെ ചെന്നപ്പോഴേ അവർ പറഞ്ഞിട്ടുള്ളതല്ലേ? ആരോടാണ് ഇനി പറയേണ്ടത്? എന്നിട്ടുപോലും അതിന് നടപടി എടുക്കാതെ നിങ്ങളെ നടത്തുന്ന അന്വേഷണത്തിന് എന്താണ് പറയേണ്ടത്? വനിതാ ജഡ്ജി അന്വേഷിക്കുന്നു എന്നു പറയുന്നു. വനിതാജഡ്ജിയെ കിട്ടിയില്ലെങ്കിൽ ഇവിടെ വനിതാ മെമ്പർമാരില്ലേ അന്വേഷിക്കാൻ? അവർ തുറന്നുപറയാൻ തയ്യാറാണ്. അപമാനിച്ചോ ഇല്ലയോ എന്നുള്ളത് ഞങ്ങളുടെ മുന്നിൽ അവർ പറഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാര്യയോ മരുമകളോ ആണെങ്കിലും അവരുടെ മുന്നിൽ അതെല്ലാം തുറന്നു കാണിക്കാൻ ഞങ്ങളെ തയ്യാറാണ് എന്നു പറഞ്ഞു. അത്ര വികാരത്തോടുകൂടിയാണ് അവിടത്തെ ജനങ്ങൾ. അവരെ ബോധ്യപ്പെടുത്തണം.. ഞങ്ങളെ ബോധ്യപ്പെടുത്തിയാൽ പോരാ. അവർക്ക് ബോധ്യപ്പെട്ടിട്ടില്ല എന്നുള്ളതാണ് വാസ്തവം. ഇപ്പോഴും തിരുവനന്തപുരത്തേക്കു വരാൻ പരിപാടിയിട്ടിരിക്കുകയാണ്. പൈനാവ് കൊണ്ടവസാനിക്കുന്നില്ല. അതുകൊണ്ട് ഇതുപോലൊരു സംഭവം, ഇത്രയേറെ ആളുകൾ അവിടെ പോയി അന്വേഷിച്ചു എന്നു പറയുമ്പോൾ തീർച്ചയായും അവരുടെ റിപ്പോർട്ടു കൂടി ഈ സഭ കേൾക്കണം. അതുകൊണ്ടു തന്നെയാണ് ചർച്ച വേണമെന്ന് പറയുന്നത്. അതിന് ഇനിയും തയ്യാറാകാത്ത ഈ ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. (ശ്രീ. കെ. പി പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. എ.സി. ഷൺമുഖദാസ് : സർ, തങ്കമണിയിലെ സ്ഥിതി ഇപ്പോഴും പ്രക്ഷുബ്ധമാണ്. കോൺഗ്രസ് ഐ-യുടെ നേതാക്കൻമാരായ അവിടത്തെ ഒരു എം. പി. യും ഈ സഭയിലെ ഒരംഗവും. ഇന്നലെ അവിടെ സംസാരിക്കാൻ പോയിട്ട് ജനങ്ങൾ സമ്മതിച്ചിട്ടില്ല സർ. സർ, അതിന്റെ അർത്ഥമെന്താണ് ? തങ്കമണിയിലെ പ്രക്ഷുബ്ധാവസ്ഥയും ജനങ്ങളുടെ വികാരവും ഇപ്പോഴും ആളിക്കത്തി നിൽക്കുന്നുവെന്നുള്ളതാണ്. സർ, 25 കിലോമീറ്റർ. ഒരു ഗ്രാമം മുഴുവൻ ഇൻഡ്യയിൽ എവിടെയെങ്കിലും നടന്നിട്ടുണ്ടോ ഇത്രയും ലോംഗ് വാക്കിൽ ? പൈനാവ് കളക്ടറേറ്റിനു മുമ്പിൽ വന്നു രണകക്ഷിയിലെ പ്രധാന കക്ഷിയായ കേരളാ കോൺഗ്രസ്സിന്റെ ജില്ലാ പ്രസിഡന്റ് വട്ടക്കുന്നിൽ അവിടെ പ്രസംഗിച്ചു. അദ്ദേഹം ഈ സംഭവങ്ങളെ സംബന്ധിച്ചിടത്തോളം അവിടെ പ്രസംഗിച്ചത് അന്നു രാത്രി എസ്. പി. യുടെ നേതൃത്വത്തിലാണ് 42 വാൻ പോലീസ് അവിടെ വന്നതെന്നും എസ്. പി. നേരിട്ടാണ് ഈ കൊള്ളയ്ക്ക് കൂട്ടുനിന്നതെന്നും ആ എസ്. പി. യെ 24 മണിക്കൂറിനകം സസ്പെൻഡ് ചെയ്യണമെന്നുമാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുപോലെ ഈ സംഭവം ഗൗരവമായിട്ടെടുത്തിരുന്നു. എങ്കിൽ ഈ സംഭവങ്ങൾക്ക് നേരിട്ട് സ്പോട്ടിൽനിന്നു നേതൃത്വം കൊടുത്ത എസ്. പി. യെ സസ്പെൻഡു ചെയ്തുകൊണ്ടല്ലേ ഗവൺമെന്റ് ഈ കാര്യത്തിലുള്ള നയം പ്രകടിപ്പിക്കാൻ ? പക്ഷേ ഇന്ന് അവരെ രക്ഷിക്കാൻവേണ്ടി ശ്രമിക്കുന്നു. ശ്രീ. കെ. പി. പ്രഭാകരൻ ഇവിടെ ചൂണ്ടിക്കാണിച്ചു എന്നെക്കാളും സ്വാധീനമുള്ളവരുടെ, നിർദ്ദേശ പ്രകാരമാണെന്ന്

10 a. m.]

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതായി. ആരുടെ സ്റ്റാർ ആണ് ? ഡി. ഐ. ജി.യുടെ സ്റ്റാർ ആണോ, ഐ. ജി.യുടെ സ്റ്റാർ ആണോ, സ്റ്റാറില്ലാത്ത ആഭ്യന്തരവകുപ്പു മന്ത്രിയുടെ നിർദ്ദേശമാണോ ? സർ, മുകളിൽനിന്നുള്ള നിർദ്ദേശത്തിൽ നിന്നാണ് തങ്കമണി സംഭവങ്ങൾ മുഴുവൻ ഉണ്ടായിരിക്കുന്നത്. ഞങ്ങളുടെ കാമാക്ഷി മണ്ഡലം കോൺഗ്രസ് സെക്രട്ടറി മാത്യു പ്ലാമറ്റത്തിന്റെ സ്റ്റോറ ഷനറി കടയിൽകയറി അയ്യായിരം രൂപ പോലീസുകാർ കൊള്ളയടിച്ചു. ഇന്നലെ ഞങ്ങൾ പോയപ്പോൾ ആ വീട്ടിൽ, ഇന്ന് മരണമുണ്ടായ ഒരു വീട്ടിൽ എത്രമാത്രം ദുഃഖം മുറ്റിനിൽക്കുന്ന അന്തരീക്ഷമുണ്ടാകുമോ അതുപോലെ യായിരുന്നു. ദിവസം എത്രയായി സർ ? ഇപ്പോഴും അവിടത്തെ ജനങ്ങൾ സാധാരണ ജീവിതത്തിലേക്ക് എത്തിയിട്ടില്ല. ഇപ്പോഴും കടകമ്പോളങ്ങൾ പ്രവർത്തിക്കുന്നില്ല ; ജനങ്ങൾ ജോലിക്കും പോകുന്നില്ല. 22-ാം തീയതി സംഭവിച്ചതാണ്. ഇന്ന് 17-ാം തീയതി ആയി. ഇത്രയും ദിവസമായിട്ടും ഒരു കൂട്ടി പോലും ജോലിക്കു പോകുന്നില്ല. സർ, പാറമേക്കാവ് ആയുർവേദ ആശുപത്രിയിലും പൈനാവ് ഗവൺമെന്റ് ഡിസ്പെൻസറിയിലും കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലും ആളുകൾ കിടക്കുന്നു, ദൈനംദിന ജീവിതം കഴിഞ്ഞ മൂന്ന് ആഴ്ചകളായി തങ്കമണിയിൽ ഇല്ല. തങ്കമണിയിൽ മാത്രമല്ല ഇടുക്കി ജില്ലയാകമാനം ജനങ്ങൾ ഇളകി മറിഞ്ഞിരിക്കുന്നു, വരുന്ന 19-ാം തീയതി ഇടുക്കി ജില്ലയിലെ ജനങ്ങൾ ഒരു ബന്ദ് ആഹ്വാനത്തിന് തീരു മാനിച്ചിരിക്കുന്നു. ഞങ്ങൾ വിശ്വസിക്കുന്നത് ഭരണകക്ഷി അടക്കമുള്ള ആളുകളുടെ പിന്തുണയോടെയാണ് ഈ ബന്ദ് ആഹ്വാനം നടത്തിയതെന്നാണ്. കേരള വ്യാപകമായി ജനങ്ങൾ 19-ാം തീയതി തങ്കമണി ദിനമായി ആചരിക്കുക യാണ്. ഇൻഡ്യ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ സംഭവമാണിത്. ഒരു ഗ്രാമത്തിലെ മുഴുവൻ ജനങ്ങൾക്കും ഇത്രയേറെ അപമാനവും വേദനയും ദുഃഖവും മരണവും കഷ്ടപ്പാടും ഉണ്ടാക്കിയിട്ടുള്ള ഈ സംഭവം ലോക ജനതയുടെ മുമ്പിൽ കൊണ്ടുവരുന്നതിനു വേണ്ടിയുള്ള പ്രവർത്തനം നടക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിമാരും അതുപോലെതന്നെ എം. എൽ. എ.മാരും അഭിപ്രായം പറഞ്ഞുവെന്ന് ഗവൺമെന്റ് പറയുന്നു. അവർ പറയുന്ന അഭിപ്രായങ്ങൾ ഈ സഭയ്ക്ക് അറിയാൻ അവകാശമില്ലേ ? പരസ്യമായി അഭിപ്രായം പറയാൻ അവർക്ക് അവസരം കൊടുക്കണ്ടേ ? ശ്രീ. തോമസ് കല്ലുമ്പള്ളി മിനിഞ്ഞാന്നു പറഞ്ഞതുപോലുള്ള സംവേങ്ങളും ഉണ്ടാകും. അതുകൊണ്ട് ഈ വക കാര്യങ്ങൾ ഇപ്പോൾ ചർച്ചചെയ്യാൻ സഭയ്ക്ക് അവസരവും സമയവും ഉണ്ടാകുന്നില്ലെങ്കിൽ നമ്മൾ എന്തിനാണു സർ, ഇവിടെയിരിക്കുന്നത് ? ഈ സംഭവത്തെക്കുറിച്ച് ചർച്ച ചെയ്യാനും സംസാരിക്കാനും അവസരം തരണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു. നിങ്ങൾക്ക് ഈ കാര്യത്തിൽ എന്താണിത്ര വാശി ? നിങ്ങൾ കുറ്റവാളികളെ ശിക്ഷിക്കാനും കുറ്റങ്ങൾ ഏറ്റുപറയാനും കുറ്റങ്ങളെ ആ രീതിയിൽ കാണാനും സന്നദ്ധമാണെങ്കിൽ രണ്ടു മണിക്കൂർ നേരമെങ്കിലും സഭയിൽ ചർച്ചയ്ക്കുവേണ്ടി നിങ്ങൾ നീക്കിവയ്ക്കണം. അതിനു നിങ്ങൾ സന്നദ്ധമാകാത്തതിന്റെ അർത്ഥമെന്താണ് ? അവിടെ നടന്ന മുഴുവൻ നടപടി കളേയും ന്യായീകരിക്കുകയും അവിടെ നടന്ന തെറ്റുകളെ നിങ്ങൾ പൂഴ്ത്തി വയ്ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അതിനെതിരായി നടപടിയെടുക്കാനുള്ള ആത്മാർത്ഥത ഈ ഗവൺമെന്റിനില്ല. ഉണ്ടെങ്കിൽ ചർച്ചയ്ക്കു സന്നദ്ധ മാകുമായിരുന്നു. ചർച്ചയ്ക്ക് സന്നദ്ധമാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭയിൽനിന്ന് ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിലെ മറ്റ് അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി).

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : സർ, ഈ നടപടിയിൽ ചർച്ചയ്ക്ക് ഒരു അവസരമുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. നിങ്ങൾക്ക് കൂടുതലായി വല്ല അറിവുമുണ്ടെങ്കിൽ തരിക, ഞങ്ങൾക്ക് അത് വളരെ സഹായകരമായിരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രതിപക്ഷ നേതാക്കൻമാരോടായിട്ട് ചോദിച്ചു. സർ, അറിവു തരാനുള്ള ഒരു അവസരമാണ് ഈ ചർച്ച. ഞങ്ങൾക്ക് അറിവുകൂടി ഉണ്ട്. അത് തരാനുള്ള ഒരു അവസരമായിരുന്നു ഇത്. അതിന് ചർച്ച വേണം. ആ ചർച്ചയിൽ കൂടിയല്ലേ ഇതു വേണ്ടത് ? ഇത്രയും ഭീതിജനകമായിട്ടുള്ള ഒരു അന്തരീക്ഷം മറ്റ് എവിടെയെങ്കിലുമുണ്ടായിട്ടുണ്ടോയെന്നു ഞാൻ സംശയിക്കുന്നു ? ഗവൺമെന്റിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുകയല്ല. ഗവൺമെന്റ് ഇതിൻമേൽ നടപടികൾ സ്വീകരിച്ചുവെന്നും പറയുന്നു. സർ, ഞാൻ ചോദിക്കട്ടെ, നിങ്ങൾ ആദ്യമായി ഈ സഭയിൽ എന്താണു പറഞ്ഞത് ? ആദ്യം വെടിവയ്പിനെ ന്യായീകരിക്കാൻ ശ്രമിച്ചു, രണ്ടാമത് ആൾപ്പൂം എക്സസ് ഉണ്ടായിയെന്നു പറഞ്ഞു, മൂന്നാമത് നിങ്ങൾ കുറച്ചുപേരെ സസ്പെൻഡ് ചെയ്യുന്നുണ്ടെന്നു പറഞ്ഞു. ഞാൻ ചോദിക്കുന്നു, ഇത്രയേറെ മാൻ മാനേജ്മെന്റ് വളരെ മോശമായിട്ട് ഇതിനുമുമ്പ് നടന്നിട്ടുണ്ടോ ? വെടിവയ്പിനുശേഷം അന്നു രാത്രി ആ ഗ്രാമത്തിൽതന്നെ എത്രയേറെ തോന്ന്യാസങ്ങളാണ് നടന്നത് ? ബലാൽസംഗത്തിന്റെ കാര്യം പറഞ്ഞാൽ നിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുമായിരിക്കും. അത് തെരഞ്ഞെടുപ്പിനുവേണ്ടി പറയുകയാണെന്നു പറയും. കോതമംഗലം ബിഷപ്പ് തെരഞ്ഞെടുപ്പ് കണക്കാക്കിയല്ലല്ലോ പറയുന്നത് ? പടിയറയുടെ വീട്ടിൽനിന്ന് പണം അപഹരിച്ചു കൊണ്ടുപോയി. 11 കുട്ടികളുടെ അച്ഛനാണ് മരിച്ചുപോയ അവറാൻ. അതിൽ പത്തും പെൺകുട്ടികളാണ്. ആരുണ്ട് ഇന്ന് ഈകുഞ്ഞുങ്ങളെ സംരക്ഷിക്കാനും അവർക്ക് എന്തെങ്കിലും സഹായമെത്തിക്കാനും ? നിങ്ങൾ തയ്യാറായോ ? നടപടികളിൽ തെറ്റു വന്നുവെന്ന് നിങ്ങൾതന്നെ സമ്മതിക്കുന്നു; പോലീസ് ആവശ്യമില്ലാതെ പ്രവർത്തിച്ചിട്ടുണ്ടെന്നും നിങ്ങൾ പറഞ്ഞു. ആവശ്യമില്ലാതെ പ്രവർത്തിച്ചിട്ട് അതായത് പണം അപഹരിച്ചുകൊണ്ടുപോയിട്ട് മർദ്ദിച്ച് മൃതം കുടിപ്പിക്കുകയാണ് പോലീസ് ചെയ്തത്. സർ, ഇപ്പോഴും വാസ്തവത്തിൽ അഭിമാനത്തിനു വകയുണ്ട് സർ. കിരാതമായ പോലീസ് വേട്ടയ്ക്കിടയിൽ ഒരു സ്ത്രീ തന്റെ ചാരിത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പോലീസുകാരന്റെ കൈയ്ക്ക് വെട്ടി എന്നുള്ളതു് അഭിമാനകരമായ ഒരു കാര്യമാണ്. എവിടെയാണ് ആ പോലീസുകാരൻ ? നിങ്ങൾ ഒളിപ്പിച്ചു വച്ചിരിക്കുകയല്ലേ ? ആ പോലീസുകാരനെ കണ്ടുപിടിക്കാൻ നിങ്ങൾക്ക് കഴിയുകയില്ലേ ? ആ കൈമുറിഞ്ഞ പോലീസുകാരനെ ഇത്രയും ദിവസമായിട്ട് നിങ്ങൾ എന്തു ചെയ്തു ? അപ്പോൾ നിങ്ങൾ ഇപ്പോഴും കുറ്റക്കാരെ സംരക്ഷിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഈ അട്രോസിറ്റിസിനു നേതൃത്വം നൽകിയ എസ്. പി. യെ നിങ്ങൾ എന്തു ചെയ്തു എന്നാണ് ഞാൻ ചോദിക്കുന്നത് ? എസ്. പി. യെ തൊടുകയല്ല അതല്ലേ ? ഇപ്പോൾ നിങ്ങളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യരുതെന്നു പറയുന്നു. ഇത്രയേറെ കുഴപ്പങ്ങൾ കാണിച്ച്, അതിനു നേതൃത്വം നൽകിയ ഒരു ഉദ്യോഗസ്ഥനെ നിർത്തിക്കൊണ്ട് നിങ്ങളുടെ ആത്മാർത്ഥതയെക്കുറിച്ചും, കുറച്ചൊക്കെ സംവേദിച്ചുവെന്നൊക്കെ പറയുന്നതിലും വല്ല അർത്ഥവുമുണ്ടോ ? ഞങ്ങൾ പറഞ്ഞയച്ചിട്ടല്ലല്ലോ വെടിവയ്പ് നടത്തിയതും പണാപഹരണം നടത്തിയതും ബലാൽസംഗം നടത്തിയതുമൊക്കെ. എന്നിട്ട് ഇപ്പോൾ തെരഞ്ഞെടുപ്പിനെ ലാക്കാക്കിക്കൊണ്ടാണിതു പറയുന്നത് എന്നുപറയുന്നതിൽ വല്ല അർത്ഥവുമുണ്ടോ ? അതുകൊണ്ട് ഈ തെരഞ്ഞെടുപ്പൊക്കെ ഒന്നു മാറിവയ്ക്കണം. നമ്മുടെ നാടിന്റെ അഭിമാനത്തിന്റെ പ്രശ്നമാണ്. സംസ്കാര സമ്പന്നമായ കേരളത്തിൽ നമ്മുടെ സഹോദരിമാരെ അപമാനിച്ചതിൽ നാമെല്ലാം ലജ്ജിക്കേണ്ടതാണ്. ആ രീതിയിൽ കണ്ടുകൊണ്ട് ചർച്ച നടത്താൻ നിങ്ങൾ തയ്യാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

നടപടികളും നടത്താൻ നിങ്ങൾ തയ്യാറുണ്ടോ ? നിങ്ങൾ ഇന്നും പോലീസിന്റെ മറവിൽ അധികാരം കൈയാളുന്നതിനുവേണ്ടി കുറെക്കാരെ സംരക്ഷിക്കുന്ന നീചമായ നടപടിയാണ് തുടരുന്നത്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, മുഖ്യമന്ത്രി ആദ്യം പറയുകയുണ്ടായി ഒന്നും നടന്നിട്ടില്ലെന്ന്. വെടിവയ്പിനുശേഷവും ഒരു സംഭവവും നടന്നിട്ടില്ലെന്നു പറഞ്ഞു. അതിനുശേഷം മുഖ്യമന്ത്രി അദ്ദേഹത്തിന്റെ നിഗമനം മാറ്റി. മുഖ്യമന്ത്രി റവറൻറ് ഫാദർ ജോസ് കോട്ടൂരിനെയാണ് അപമാനിച്ചതെങ്കിൽ ഖേദകരമെന്നു പറഞ്ഞുകൊള്ളട്ടെ. എന്നാൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ന് അപമാനിച്ചിട്ടുള്ളത് തങ്കമണിയിലെ മുഴുവൻ ജനങ്ങളേയുമാണ്. അദ്ദേഹം പറയുന്നു, ഞങ്ങൾ ഇത് ഉന്നയിക്കുന്നത് തെരഞ്ഞെടുപ്പിനു വേണ്ടിയിട്ടാണെന്ന്. എന്ത് അർത്ഥമില്ലാത്ത കാര്യമാണ് അദ്ദേഹം പറഞ്ഞത് ? സർ, ഈ പ്രദേശത്തെ ജനങ്ങൾക്ക് ധനസഹായം എത്തിച്ചു കൊടുക്കുന്ന കാര്യത്തിലും വൈദ്യസഹായം എത്തിച്ചുകൊടുക്കുന്ന കാര്യത്തിലും എൻകയറിയുടെ കാര്യത്തിലും സസ്പെൻഷന്റെ കാര്യത്തിലുമെല്ലാംതന്നെ ചർച്ച ചെയ്യേണ്ടതുണ്ട്. സർ, ഞങ്ങൾ അവിടെ ചെന്നപ്പോഴാണ് ഈ പുതിയ സംഭവങ്ങൾ മനസ്സിലാക്കാൻ സാധിച്ചത്. അതുവരെ ഞങ്ങൾ മനസ്സിലാക്കിയത് ഇതെല്ലാം തമ്പാനും എസ്. പി.യും കൂടി ചെയ്തതാണെന്നാണ്. ഞങ്ങൾ അവിടെ ചെന്നപ്പോൾ ഞങ്ങൾക്ക് പുതുതായി മനസ്സിലാക്കാൻ സാധിച്ചത് ഡെപ്യൂട്ടി ഐ. ജി.യുടെ റോളാണ്. അതിനെപ്പറ്റി അന്വേഷിക്കണം ? കൃത്യമായിട്ട് അദ്ദേഹത്തിന് റോൾ ഉണ്ടോ ഇല്ലയോ എന്നുള്ള കാര്യത്തിലേക്ക് ഞാൻ ഇപ്പോൾ കടക്കാൻ തയ്യാറില്ല. പക്ഷേ ഞങ്ങൾക്കു കിട്ടിയ സാഹചര്യത്തെളിവുകളും മറ്റു തെളിവുകളുമെല്ലാം സൂചിപ്പിക്കുന്നത് ഇത് ഒരു പ്രത്യേക രാഷ്ട്രീയകക്ഷിയുടെ ഉന്നത നേതാവ് ഡെപ്യൂട്ടി ഐ.ജി.യുമായി ബന്ധപ്പെട്ട് ആ ഡെപ്യൂട്ടി ഐ. ജി.യുടെ നിർദ്ദേശപ്രകാരമാണ് രാത്രി ഈ സംഭവങ്ങളെല്ലാം നടന്നതെന്നാണ്. അവിടെ പോലീസുകാരെ അനാവശ്യമായി അയച്ചതാണ്. രണ്ടു ഗ്രൂപ്പുകളുള്ള ഒരു സ്ഥലത്ത് പോലീസിന് പോകേണ്ടതുണ്ട്. പക്ഷേ ഈ സ്ഥലത്ത് മുഴുവൻ ആൾക്കാരും ഒന്നിച്ചാണ്. അവിടെ എന്തിനാണ് പോലീസുകാർ പോകേണ്ടതായിട്ടുള്ള കാര്യം ? അത് ഒന്ന് ആലോചിച്ചു നോക്കണം. കഴിഞ്ഞ മൂന്ന് ആഴ്ചയായിട്ട് തങ്കമണി ഗ്രാമത്തിൽ ഒരൊറ്റ പോലീസുകാരനും കാലുകുത്തിയിട്ടില്ല. ആ സ്ഥലത്ത് ഒരു പോലീസുകാരനുണ്ട്. ആ പോലീസുകാരനും സ്ഥലം വിട്ടിട്ട് അവിടെ വരാതിരിക്കുകയാണ്. അവിടെ വളരെ സമാധാനമാണ് നിലനിൽക്കുന്നത്. ആ സമാധാനത്തിന്റെ അന്തരീക്ഷത്തിൽ അവിടെയുള്ളതായിട്ടുള്ള ബാക്കി ഗവൺമെൻറ് സ്ഥാപനങ്ങളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല, സർക്കാർ ആശുപത്രികളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല, വൈദ്യൻമാർ ഇല്ല, മരുന്നുകളും ഇല്ല. ഈ തരത്തിലുള്ള കാര്യങ്ങളെപ്പറ്റിയെല്ലാംതന്നെ പ്രത്യേകിച്ചും ചിന്തിക്കേണ്ടതുണ്ടെന്ന് ഞാൻ ആവർത്തിക്കുകയാണ്. ഈ എൻകയറി പ്രഹസനമല്ലാതായിത്തീരണമെങ്കിൽ അടിയന്തിരമായും ആ വിവരംകെട്ട മദ്യപാനിയായ ഭ്രാന്തനായ സർക്കിൾ ഇൻസ്പെക്ടർ തമ്പാനെ സസ്പെൻഡ് ചെയ്യണം. വളരെയധികം കഴിവൊന്നുമില്ലാത്ത, വളരെയധികം പ്രാപ്തിയില്ലാത്ത, ഏതെങ്കിലും സ്ഥാനമാനങ്ങൾ കൂടുതലായിട്ടുള്ള ഉദ്യോഗസ്ഥൻമാർ പറഞ്ഞിട്ടുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാതെ ചെയ്തതായ ഈ എസ്. പി. പുലികേശിയേയും സസ്പെൻഡ് ചെയ്തു മാറ്റിനിർത്തി

LIBRARY ARCHIVES Kerala Legislative Assembly

ഒയ്കിൽ മാത്രമേ അതിന്റെ അന്വേഷണം അർത്ഥവത്താക്കുകയുള്ളൂ. അതു ചെയ്യാനും ചർച്ച ചെയ്യാനും തയ്യാറില്ലാത്തതായ ഈ ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി.)

III ശ്രദ്ധ ക്ഷണിക്കൽ

1 മലപ്പുറം ജില്ലയിൽ ചുഴലിക്കാറ്റും ഉരുൾപൊട്ടലുംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള കാലതാമസം

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, മലപ്പുറം ജില്ലയിൽ ഏറ്റവും നിയോജകമണ്ഡലത്തിൽ ഊരുങ്ങാട്ടിരി പഞ്ചായത്തിൽ ഇക്കഴിഞ്ഞ 20-9-1986-ന് ഉണ്ടായ അതിരൂക്ഷമായ ഉരുൾപൊട്ടൽമൂലവും അതുപോലെതന്നെ 12-10-1986-ന് ഉണ്ടായ ചുഴലിക്കാറ്റ്മൂലവും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾക്ക് ഗവൺമെന്റ് നൽകാമെന്ന് പറഞ്ഞിരുന്ന സഹായം ലഭിക്കാത്തതിന്റെപേരിൽ അവിടെ ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷത്തിലേക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

സമുദ്രനിരപ്പിൽനിന്നും 1500 അടി ഉയരത്തിലുള്ള ചെക്കുന്നുമലയിൽ അർദ്ധരാത്രിയിൽ ഉരുൾപൊട്ടലുണ്ടായതുമൂലം അവിടത്തെ 250 ഏക്കറോളം സ്ഥലത്തെ കൃഷിയും അതുപോലെതന്നെ 26 വീടുകളും നിശ്ശേഷം തകർന്ന് തരിപ്പണമായിപ്പോയി. അന്നേദിവസം ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി മലപ്പുറം ജില്ലയിൽ ഉണ്ടാവുകയും അവിടത്തെ കൃഷിക്കാർക്കും കൃഷി നശിച്ചവർക്കും വീടു നശിച്ചവർക്കും സഹായധനവും ഭൂമിയും നൽകാമെന്ന് ഉറപ്പു നൽകുകയും ചെയ്തു. എന്നാൽ ഇതുവരെ യാതൊരു സഹായവും അവർക്ക് ലഭിച്ചിട്ടില്ല. ഒരിഞ്ചു ഭൂമിപോലും അവർക്ക് സ്വന്തമായി ഇന്നു ഇല്ലാത്ത സ്ഥിതിക്കു സൗജന്യമായി ഭൂമി നൽകാമെന്നുള്ള ഉറപ്പ് ഗവൺമെന്റ് നൽകിയിരുന്നു. അക്കാര്യം നടപ്പിലാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. സ്വന്തം പണമെടുത്തും അതുപോലെതന്നെ വീടുകളും പണയംവച്ചുകൊണ്ട് ബാങ്കുകളിൽനിന്നും അതുപോലുള്ള മറ്റ് സാമ്പത്തിക സഹായ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള ചെറുകിട കർഷകരെ സംബന്ധിച്ചിടത്തോളം അവരുടെ നട്ടെല്ല് ഒടിഞ്ഞിരിക്കുകയാണ്. ഈ ചെറുകിട കൃഷിക്കാർക്ക് അവരുടെ കടത്തിൻമേൽ മൊറൊട്ടോറിയം പ്രഖ്യാപിക്കണമെന്നും ആ ഊരുങ്ങാട്ടിരി പഞ്ചായത്തിൽ റവന്യൂ ഭൂമി ഇല്ലെങ്കിൽ തൊട്ടടുത്തുള്ള പഞ്ചായത്തിൽനിന്നും ഭൂമി അവർക്ക് സൗജന്യമായി നൽകാനുള്ള നടപടിയുണ്ടാകണമെന്നും ഇവിടെ വീടു നശിച്ചിട്ടുള്ള പാവപ്പെട്ട കൃഷിക്കാർക്ക് ഏതെങ്കിലും സ്കീമിലുൾപ്പെടുത്തിക്കൊണ്ട് അവർക്ക് സൗജന്യമായി വീട് നൽകുന്നതിനുമുള്ള നടപടി ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയിൽനിന്നും ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടെ ഞാൻ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly